**(അനുബന്ധം - എച്ച് 4)**

**നോട്ടീസ്**

**(53 (4) -ാം ഖണ്ഡിക നോക്കുക)**

ഡോ. ബ്ലെസി മേരി ബാബു, മെഡിക്കൽ ഓഫീസർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി ആനിക്കാട്, പത്തനംതിട്ട എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട്ടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ 06.10.2023 തീയതിയിലെ ഡിഎച്ച്ടിവിഎം/258/2023-ഇഎ6 നമ്പർ പ്രകാരം **10.11.2023** തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. പ്രസ്തുത ചാർജ്ജ് മെമ്മോ 2 പകർപ്പ് അയയ്ക്കുകയും ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തി ഒരു പകർപ്പ് മടക്ക തപാലിൽ തിരികെ അയയ്ക്കുവാനും താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ആ ചാർജ്ജ് മെമ്മോയ്ക്ക് മറുപടി ഒന്നും ലഭിച്ചിട്ടില്ല. ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് ഹോമിയോപ്പതി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹോമിയോപ്പതി, കിഴക്കേക്കോട്ട, തിരുവനന്തപുരം - 695023 ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

Signed by
Beena M P
Date: 27-02-2025 20:14:41

DR. M P BEENA
ഡയറക്ടർ
(പൂർണ്ണ അധിക ചുമതല)
ഡയറക്ടറേറ്റ് ഓഫ് ഹോമിയോപ്പതി

**ഇന്നാർക്ക്:-**

ഡോ. ബ്ലെസി മേരി ബാബു
മെഡിക്കൽ ഓഫീസർ (അവധിയിൽ)
ചിറമുഖത്ത് ജോർജ്ജ് വില്ല
വാകയാർ പി.ഒ.
പത്തനംതിട്ട